# 2. ഇസ്‌ലാമിലെ സ്ത്രീയും പുരുഷനും

പി. എ. വാഹിദ്

വാറൂൽ ജാഫർ

സ്ത്രീ സ്വാതന്ത്ര്യം, സ്ത്രീ നേതൃത്വം, സ്ത്രീ മുന്നേറ്റം, സ്ത്രീ ശാക്തീകരണം, ഇസ്‌ലാമിക നവോത്ഥാനം എന്നൊക്കെയുള്ള ആശയങ്ങൾ മുസ്‌ലിം പ്രസിദ്ധീകരണങ്ങളിലും പള്ളികളിലെ ഖുത്വുബകളിലും പ്രാധാന്യത്തോടെ ചർച്ചചെയ്യപ്പെടുന്ന സ്ഥിതിവിശേഷമാണ് നമ്മൾ ഇയ്യിടെയായി കണ്ടുകൊണ്ടിരിക്കുന്നത്. എല്ലാ സാമൂഹിക മേഖലകളിലും സ്ത്രീക്കും പുരുഷനും തുല്യ പങ്കാണ് ഇസ്‌ലാം കൽപിക്കുന്നതെന്നും, സ്ത്രീയും പുരുഷനും തമ്മിൽ ഇസ്‌ലാം വിവേചനം കൽപിക്കുന്നില്ലെന്നും, പൗരോഹിത്യമാണ് അങ്ങനെയൊരു സ്ഥിതിവിശേഷം സൃഷ്ടിച്ചതെന്നുമൊക്കെയുള്ള ആശയങ്ങളും വാദങ്ങളുമാണ് പ്രധാനമായും പ്രചരിപ്പിക്കപ്പെടുന്നത്. ഇത്തരം വാദങ്ങൾക്ക് ഉപോദ്ബലമായി ചില ഹദീസ് കഥകളും, അപ്രസക്ത ഖുർആൻ വചനങ്ങളുമൊക്കെയാണ് (ഖു. 9:71, 3:195, 49:13, 42:36–38) എടുത്ത് കാണിച്ചിരിക്കുക. സ്ത്രീ–പുരുഷ ബാധ്യതകളെ സംബന്ധിച്ച പ്രസക്തമായ ഖുർആൻ വചനങ്ങൾ ഒന്നും തന്നെ ഉദ്ധരിക്കപ്പെടാറില്ലെന്നതും ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്. അല്ലാഹു പുരുഷന് നൽകിയ സത്രീയുടെ മേലുള്ള ആധിപത്യവും, വീട്ടിനു പുറത്തുള്ള കാര്യങ്ങളിൽ അല്ലാഹു സ്ത്രീക്ക് ഏർപ്പെടുത്തിയ പരിമിതികളും നിയന്ത്രണങ്ങളും ചോദ്യം ചെയ്യപ്പെടുകയാണ്. ഇത്തരം ആശയങ്ങളും വാദങ്ങളുമെല്ലാം അനിസ്‌ലാമികമാണെന്ന് ഖുർആനിന്റെ വെളിച്ചത്തിൽ മനസ്സിലാക്കാനാവുന്നതാണ്. ഈ വിഷയത്തിൽ ഇസ്‌ലാമിന്റെ കാഴ്ചപ്പാട് എന്താണെന്ന് യാതൊരു വിധ സംശയത്തിനും ഇടം നൽകാതെ അല്ലാഹു ഖുർആനിൽ വ്യക്തമാക്കിത്തന്നിട്ടുണ്ട്. അതാണ് ഇവിടെ വിശദീകരിക്കുന്നത്.

ആണിനെയും പെണ്ണിനെയും വ്യത്യസ്ത കഴിവുകളോടെയും, വ്യത്യസ്ത ഉത്തരവാദിത്തങ്ങളോടെയുമാണ് അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്. അതായത്, പുരുഷബയോസിസ്റ്റവും സ്ത്രീബയോസിസ്റ്റവും വ്യത്യസ്ത ദൗത്യങ്ങൾ നിർവ്വഹിക്കാനായി പ്രോഗ്രാം ചെയ്യപ്പെട്ട ജൈവവ്യവസ്ഥകളാണ്. അതനുസരിച്ചാണ് അല്ലാഹു പുരുഷന്നും സ്ത്രീക്കും വ്യത്യസ്ത നിയമങ്ങൾ കൽപിച്ചിരിക്കുന്നതും. ജനിതകമായി വ്യത്യസ്തമായ ജൈവവ്യവസ്ഥകളാണ് പുരുഷനും സ്ത്രീയും എന്ന വസ്തുത ശാസ്ത്രീയമായും സ്ഥിരീകരിക്കപ്പെട്ടതാണ്. ഖുർആൻ കൽപിക്കുന്നത് കാണുക: പുരുഷന്മാർ സ്ത്രീകളുടെ മേൽ നിയന്ത്രണാധികാരമുള്ളവരാകുന്നു (ഖു. 4:34). അതിന്റെ കാരണവും ആ സൂക്തത്തിൽ തന്നെ അല്ലാഹു പറഞ്ഞുതരുന്നു. അതായത്, പുരുഷന് സ്ത്രീയേക്കാൾ കൂടുതൽ കഴിവ് നൽകിയത് കൊണ്ടും, പുരുഷന്മാർ അവരുടെ ധനം ചെലവഴിക്കുന്നതുകൊണ്ടുമാണത്. അതിനാൽ നല്ലവരായ സ്ത്രീകൾ അനുസരണശീലമുള്ളവരും, പുരുഷന്മാരുടെ അഭാവത്തിൽ സംരക്ഷിക്കേണ്ടതെല്ലാം സംരക്ഷിക്കുന്നവരുമാണ്. എന്നാൽ അനുസരണക്കേട് കാണിക്കുമെന്ന് ആശങ്കിക്കുന്നെങ്കിൽ സ്ത്രീകളെ ഉപദേശിക്കുക. കിടപ്പറകളിൽ അവരുമായി അകന്നു നിൽക്കുക. അവരെ അടിക്കുകയും ചെയ്ത് കൊള്ളുക. എന്നിട്ടവർ അനുസരിക്കുന്ന പക്ഷം പിന്നെ അവർക്കെതിരിൽ ഒരു മാർഗവും പുരുഷൻ തേടരുത് (ഖു. 4:34). 'സ്ത്രീ' എന്ന് നാമകരണം ചെയ്തിരിക്കുന്ന ഖുർആൻ അദ്ധ്യായത്തിലെ പ്രസ്തുത സൂക്തത്തിൽ അഞ്ച് കാര്യങ്ങൾ അർത്ഥശങ്കക്കിടമില്ലാത്ത വിധം വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ഒന്ന്, പുരുഷന്മാർക്ക് സ്ത്രീകളുടെ മേൽ നിയന്ത്രണാധികാരം അല്ലാഹു നൽകിയിരിക്കുന്നു. രണ്ട്, പുരുഷന്മാർക്ക് സ്ത്രീകളേക്കാൾ കഴിവുകൾ അല്ലാഹു നൽകിയിരിക്കുന്നു. മൂന്ന്, ഭാര്യയുടെ ന്യായമായ ആവശ്യങ്ങൾ നിറവേറ്റേ ചുമതല പുരുഷന്റെതാണ്. നാല്, ഇസ്‌ലാമിന്റെ ചട്ടക്കൂട്ടിൽ

നിന്നുകൊണ്ട് ഭർത്താവിനെ അനുസരിക്കൽ സ്ത്രീയുടെ കടമയാണ്. അഞ്ച്, അനുസരണയില്ലാത്ത ഭാര്യയെ അല്ലാഹു നിർദ്ദേശിച്ച വിധത്തിൽ ശിക്ഷിക്കാനുള്ള അധികാരവും ഭർത്താവിനുണ്ട്. എന്നിരുന്നാലും, അല്ലാഹുവിന്റെ പ്രീതി മാത്രം കാംക്ഷിച്ച് ജീവിക്കുന്നവർ ക്ഷമിക്കുകയും പരസ്പരം പൊറുത്തുകൊടുക്കുകയും ചെയ്യും. അല്ലാഹു പുരുഷനെയും സ്ത്രീയെയും ഉപദേശിക്കുന്നത് കാണുക: ''സത്യവിശ്വാസികളേ, തീർച്ചയായും നിങ്ങളുടെ ഇണകളിലും നിങ്ങളുടെ മക്കളിലും നിങ്ങൾക്ക് ശത്രുവുണ്ട്. അതിനാൽ അവരെ നിങ്ങൾ സൂക്ഷിച്ചു കൊള്ളുക. നിങ്ങൾ മാപ്പുനൽകുകയും, വിട്ടുവീഴ്ച കാണിക്കുകയും പൊറുത്തുകൊടുക്കുകയും ചെയ്യുന്ന പക്ഷം തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.'' (ഖു. 64:14).

പുരുഷന്നും സ്ത്രീക്കും ചുമതലകളേൽക്കാനുള്ള കഴിവ് ഒരുപോലെയല്ല അല്ലാഹു നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുന്ന മറ്റൊരു ആയത്താണ് 2:282. ''സത്യവിശ്വാസികളേ, ഒരു നിശ്ചിത അവധിവെച്ചു കൊണ്ട് നിങ്ങൾ അന്യോന്യം വല്ല കടമിടപാടും നടത്തിയാൽ നിങ്ങൾ അത് എഴുതി വെക്കേണ്ടതാണ്. ഒരു എഴുത്തുകാരൻ നിങ്ങൾക്കിടയിൽ നീതിയോടെ അത് രേഖപ്പെടുത്തട്ടെ. ഒരു എഴുത്തുകാരനും അല്ലാഹു അവന്ന് പഠിപ്പിച്ചുകൊടുത്ത പ്രകാരം എഴുതാൻ വിസമ്മതിക്കരുത്. അവനത് എഴുതുകയും, കടബാധ്യതയുള്ളവൻ (എഴുതേണ്ട വാചകം) പറഞ്ഞുകൊടുക്കുകയും ചെയ്യട്ടെ. തന്റെ രക്ഷിതാവായ അല്ലാഹുവെ അവൻ സൂക്ഷിക്കുകയും (ബാധ്യതയിൽ) അവൻ യാതൊന്നും കുറവ് വരുത്താതിരിക്കുകയുംചെയ്യേണ്ടതാണ്. ഇനി കടബാധ്യതയുള്ള ആൾ വിവേകമില്ലാത്തവനോ, കാര്യശേഷിയില്ലാത്തവനോ, (വാചകം) പറഞ്ഞുകൊടുക്കാൻ കഴിവില്ലാത്തവനോ ആണെങ്കിൽ അയാളുടെ രക്ഷാധികാരി അയാൾക്കു വേണ്ടി നീതിപൂർവ്വം (വാചകം) പറഞ്ഞു കൊടുക്കേണ്ടതാണ്. നിങ്ങളിൽ പെട്ട രണ്ടുപുരുഷൻമാരെ നിങ്ങൾ സാക്ഷി നിർത്തുകയും ചെയ്യുക. ഇനി ഇരുവരും പുരുഷൻമാരായില്ലെങ്കിൽ നിങ്ങൾ ഇഷ്ടപെടുന്ന സാക്ഷികളിൽ നിന്ന് ഒരു പുരുഷനും രണ്ട് സ്ത്രീകളും ആയാലും മതി. അവരിൽ ഒരുവൾക്ക് തെറ്റ് പറ്റിയാൽ മറ്റവൾ അവളെ ഓർമിപ്പിക്കാൻ വേണ്ടി...'' (ഖു. 2:282). ഈ വചനത്തിൽ അല്ലാഹു കൽപിക്കുന്നത് ഒരു പുരുഷ സാക്ഷിക്ക് പകരമായി രണ്ട് സ്ത്രീ സാക്ഷികളെയാണ്. അതിന് സ്രഷ്ടാവായ അല്ലാഹു പറയുന്ന കാരണം ഒരുവൾക്ക് തെറ്റ് പറ്റിയാൽ മറ്റവൾ അവളെ ഓർമിപ്പിക്കാൻ സഹായകമാകുമെന്നാണ്.

ഇസ്ലാംമത പ്രബോധന ദൗത്യവുമായി ഒരു സ്ത്രീയെയും അല്ലാഹു നിയമിച്ചിട്ടില്ലെന്ന വസ്തുതയും ഇവിടെ ശ്രദ്ധേയമാണ്. അല്ലാഹു നിയമിച്ച അനേകം പ്രവാചകരിൽ ഒരു സ്ത്രീയും ഉണ്ടായിരുന്നില്ല. പ്രവാചകന്മാരെല്ലാം പുരുഷന്മാരായിരുന്നു (ഖു. 12:109). ഈ സന്ദേശങ്ങളിൽനിന്ന് മനസ്സിലാക്കേണ്ടത് ഒരേ ദൗത്യവുമായല്ല അല്ലാഹു ആണിനെയും പെണ്ണിനെയും സൃഷ്ടിച്ചിരിക്കുന്നതെന്നാണ്. അതായത് ദൗത്യങ്ങൾ നിർവ്വഹിക്കാനാവശ്യമായ ശാരീരികവും മാനസികവുമായ കഴിവുകളാണ് ആണിനും പെണ്ണിനും നൽകിയിരിക്കുന്നത്. അതനുസരിച്ചുള്ള നിയമങ്ങളുമാണ് അല്ലാഹു ഇരു വാഭാഗങ്ങൾക്കും നിശ്ചയിച്ചു കൊടുത്തിരിക്കുന്നത്. അതനുസരിച്ച് ജീവിക്കാനാണ് അല്ലാഹു പുരുഷനോടും സ്ത്രീയോടും കൽപിക്കുന്നതും.

വിവാഹം കഴിക്കാനുള്ള അർഹത പുരുഷനുണ്ടാകുന്നത് സാമ്പത്തികശേഷി ഉണ്ടെങ്കിലാണ്. വിവാഹം കഴിക്കാൻ കഴിവില്ലാത്തവർ അല്ലാഹു തന്റെ അനുഗ്രഹത്തിൽ നിന്ന് അവർക്ക് സ്വാശ്രയത്വം നൽകുന്നതുവരെ സന്മാർഗനിഷ്ഠ നിലനിർത്തട്ടെ എന്നാണ് പുരുഷനോട് ഖുർആനിൽ കൽപിക്കുന്നത് (ഖു. 24:33). ''...സ്ത്രീകൾക്ക് (ഭർത്താക്കൻമാരോട്) ബാധ്യതകൾ ഉള്ളതുപോലെ തന്നെ ന്യായപ്രകാരം അവർക്ക് അവകാശങ്ങൾ കിട്ടേണ്ടതുമുണ്ട്. എന്നാൽ പുരുഷൻമാർക്ക് അവരെക്കാൾ ഉപരി ഒരു പദവിയുണ്ട്. അല്ലാഹു പ്രതാപശാലിയും യുക്തിമാനുമാകുന്നു.'' (ഖു. 2:228). സ്ത്രീക്ക് ധനം നൽകിക്കൊണ്ട് വിവാഹബന്ധം തേടാനാണ് പുരുഷനോട് ഇസ്ലാം കൽപിക്കുന്നത് (ഖു. 4:24); സ്ത്രീധനം വാങ്ങിക്കൊണ്ടല്ല. വിവാഹമോചിതരായ സ്ത്രീകൾക്ക് ന്യായപ്രകാരം ജീവനാംശം (മതാഅ്) നൽകേണ്ടതും

പുരുഷന്റെ ബാധ്യതയത്രെ (ഖു. 2:241). ഇത് പോലുള്ള പല അവകാശങ്ങളും സ്ത്രീക്ക് നൽകിയതായി ഖുർആനിൽ കാണാം. വിവാഹമോചന വ്യവസ്ഥകളിലും സ്ത്രീക്ക് അർഹമായ നീതി ഖുർആൻ കൽപിക്കുന്നു. ''ഇനി, അവർ (ദമ്പതിമാർ) തമ്മിൽ ഭിന്നിച്ച് പോകുമെന്ന് നിങ്ങൾ ഭയപ്പെടുന്ന പക്ഷം അവന്റെ ആൾക്കാരിൽ നിന്ന് ഒരു മദ്ധ്യസ്ഥനെയും അവളുടെ ആൾക്കാരിൽ നിന്ന് ഒരു മദ്ധ്യസ്ഥനെയും നിങ്ങൾ നിയോഗിക്കുക. ഇരു വിഭാഗവും അനുരഞ്ജനമാണ് ഉദ്ദേശിക്കുന്നതെങ്കിൽ അല്ലാഹു അവർക്കിടയിൽ യോജിപ്പുണ്ടാക്കുന്നതാണ്. തീർച്ചയായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു.'' (ഖു. 4:35). ''ഒരു സ്ത്രീ തന്റെ ഭർത്താവിൽ നിന്ന് പിണക്കമോ അവഗണനയോ ഭയപ്പെടുന്നുവെങ്കിൽ അവർ പരസ്പരം വല്ല ഒത്തുതീർപ്പും ഉണ്ടാക്കുന്നതിൽ അവർക്ക് കുറ്റമില്ല. ഒത്തുതീർപ്പിൽ എത്തുന്നതാണ് കൂടുതൽ നല്ലത്. പിശുക്ക് മനസ്സുകളിൽ നിന്ന് വിട്ട് മാറാത്തതാകുന്നു. നിങ്ങൾ നല്ല നിലയിൽ വർത്തിക്കുകയും, സൂക്ഷ്മത പാലിക്കുകയുമാണെങ്കിൽ തീർച്ചയായും അല്ലാഹു നിങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നതെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു. നിങ്ങൾ എത്രതന്നെ ആഗ്രഹിച്ചാലും ഭാര്യമാർക്കിടയിൽ തുല്യനീതി പാലിക്കാൻ നിങ്ങൾക്കൊരിക്കലും സാധിക്കുകയില്ല. അതിനാൽ നിങ്ങൾ (ഒരാളിലേക്ക്) പൂർണ്ണമായി തിരിഞ്ഞുകൊണ്ട് മറ്റവളെ കെട്ടിയിട്ടവളെപ്പോലെ വിട്ടേക്കരുത്. നിങ്ങൾ (പെരുമാറ്റം) നന്നാക്കിത്തീർക്കുകയും, സൂക്ഷ്മത പാലിക്കുകയും ചെയ്യുന്ന പക്ഷം അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു. ഇനി അവർ ഇരുവരും വേർപിരിയുകയാണെങ്കിൽ അല്ലാഹു അവന്റെ വിശാലമായ കഴിവിൽ നിന്ന് അവർ ഓരോരുത്തർക്കും സ്വാശ്രയത്വം നൽകുന്നതാണ്. അല്ലാഹു വിപുലമായ കഴിവുള്ളവനും യുക്തിമാനുമാകുന്നു.'' (ഖു. 4:128–130).

പാശ്ചാത്യ സംസ്കാരത്തിന്റെയും ഫെമിനിസ്റ്റ് ലോബിയുടെയും കാഴ്ചപ്പാടിൽ മനുഷ്യസമൂഹത്തിന്റെ ഏകകം വ്യക്തിയാണ്. ഈ കാഴ്ചപ്പാടിന്റെ സൃഷ്ടിയാണ് സ്ത്രീസ്വാതന്ത്ര്യം, സ്ത്രീശാക്തീകരണം, സ്ത്രീ–പുരുഷ സമത്വം എന്നിങ്ങനെയുള്ള അസ്വാഭാവിക ആശയങ്ങൾ. ഖുർആനിൽനിന്ന് മനസ്സിലാകുന്നത് മനുഷ്യസമൂഹത്തിന്റെ ഏകകം കുടുംബമാണെന്നാണ്. ആ ഏകകത്തിന്റെ അധികാരവും നേതൃത്വവും ഏറ്റെടുക്കുന്നതിനാവശ്യമായ കഴിവുകൾ അല്ലാഹു പുരുഷന്നാണ് നൽകിയിരിക്കുന്നത്. അതുകൊണ്ടാണ് കുടംബത്തെ പോറ്റേണ്ട ചുമതല പുരുഷനെ ഏൽപിച്ചതും (ഖു. 24:33), പുരുഷന് സ്ത്രീയുടെമേൽ ആധിപത്യം ഉണ്ടായതും (ഖു. 4:34), മാതാപിതാക്കളുടെ സ്വത്തിൽ ആണിന് രണ്ട് പെണ്ണിന്റെതിന് തുല്യമായ ഓഹരി നിശ്ചയിച്ചതും (ഖു. 4:11). പുരുഷനെ കുടുംബനാഥനാക്കിയുള്ള വ്യവസ്ഥ ദൈവികപദ്ധതിയുടെ ഭാഗമായിട്ടാണ് മനുഷ്യൻ കാണേണ്ടത്. ഖുർആൻ കൽപിക്കുന്ന നിയമങ്ങൾ മനുഷ്യ സ്പീഷിസിനുള്ള ദൈവിക നിയമങ്ങളാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ മനുഷ്യവർഗ്ഗത്തിന്റെ പ്രകൃതി നിയമങ്ങളാണവ. ഇന്നത്തെ വ്യക്തികേന്ദ്രീകൃത സമൂഹം കുടുംബകേന്ദ്രീകൃത സമൂഹമായി മാറുമ്പോൾ അത് സത്രീക്ക് മാത്രമല്ല സമൂഹത്തിനാകമാനം ഗുണകരമായ മാറ്റങ്ങൾക്ക് വഴിയൊരുക്കും. സ്ത്രീ തന്റെ അധികജോലി ഭാരത്തിൽനിന്ന് വിമുക്തയാകുകയും തന്നിലർപ്പിതമായ ഖുർആനിക വ്യവസ്ഥിതിയിലെ കുടുംബ ചുമതലകളിൽ അവൾക്ക് പൂർണ്ണമായും വ്യാപൃതയാകാനും സാധിക്കും.

ഈ വിഷയസംബന്ധമായ വ്യാജഹദീസുകളും കേൾക്കാവുന്നതാണ്. പ്രവാചകൻ സ്ത്രീകൾക്ക് പൊതുകാര്യങ്ങളിൽ ചുമതലകൾ ഏൽപിക്കാറുണ്ടെന്നും, യുദ്ധത്തിൽ പോലും അവർ പങ്കെടുക്കാറുണ്ടായിരുന്നും എന്നൊക്കെയുള്ള ഹദീസുകളാണവ. ഈ ഹദീസുകൾ വ്യാജമാണെന്ന് പറയാൻ കാരണം അവയിലെ സന്ദേശങ്ങൾ ഖുർആനോട് യോജിക്കാത്തവയാണ്. മറ്റു സ്ത്രീകൾക്ക് മാതൃകയാവേണ്ട പ്രവാചകപത്നിമാരോട് അല്ലാഹു കൽപിക്കുന്നത് കാണുക (ഖു. 33:32–33): ''പ്രവാചക പത്നിമാരേ, സ്ത്രീകളിൽ മറ്റു ആരെപ്പോലെയുമല്ല നിങ്ങൾ. നിങ്ങൾ ധർമ്മനിഷ്ഠ പാലിക്കുന്നുവെങ്കിൽ നിങ്ങൾ (അന്യരോട്) അനുനയ സ്വരത്തിൽ സംസാരിക്കരുത്. അപ്പോൾ ഹൃദയത്തിൽ രോഗമുള്ളവന് മോഹം തോന്നിയേക്കും. ന്യായമായ വാക്ക് നിങ്ങൾ പറഞ്ഞു കൊള്ളുക. നിങ്ങൾ നിങ്ങളുടെ

വീടുകളിൽ അടങ്ങിക്കഴിയുകയും ചെയ്യുക. പഴയ അജ്ഞാനകാലത്തെ സൗന്ദര്യപ്രകടനം പോലുള്ള സൗന്ദര്യപ്രകടനം നിങ്ങൾ നടത്തരുത്...'' സ്വന്തം ഭാര്യമാരെ ഈ വിധത്തിൽ ഉപദേശിച്ച നബി തിരുമേനി മറ്റു സ്ത്രീകളോട് ഇതിന് വിരുദ്ധമായി ഒരിക്കലും ഉപദേശിക്കില്ല.

സ്രഷ്ടാവിന്റെ നിയമമാണ് മനുഷ്യസമൂഹത്തിന് ഏറ്റവും ഫലപ്രദമാകുക എന്ന് പറയേണ്ടതില്ലല്ലോ. അല്ലാഹുവിന്റെ ധർമ്മ–നീതി നിർദ്ദേശങ്ങളെ ആധുനിക വ്യക്തി സ്വാതന്ത്ര്യ സങ്കൽപങ്ങളുമായി താരതമ്യംചെയ്തു വ്യാഖ്യാനിക്കാനുള്ള ശ്രമങ്ങൾ അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമക്കുന്നതിൽ ചെന്നെത്തുമെന്ന മുന്നറിയിപ്പ് ഇവിടെ വിസ്മരിക്കരുത്. അല്ലാഹു ഉദ്ദേശിക്കുന്നത് അവൻ മനുഷ്യർക്ക് നിയമമാക്കുന്നു. ''തീർച്ചയായും നിന്റെ രക്ഷിതാവ് താൻ ഇച്ഛിക്കുന്നത് നടപ്പിലാക്കുന്നവനാകുന്നു'' എന്ന ഖുർആൻ വചനം (ഖു. 11:107) അനുസ്യൂതം ഓർമ്മിക്കേണ്ടതാണ്. അല്ലാഹുവിന്റെ നിയമങ്ങളാണ് മുസ്ലിംകൾ പാലിക്കേണ്ടത്.

കേരളത്തിലെ മിക്ക മുസ്ലിം കുടുംബങ്ങളിലെ സ്ത്രീകളും അവരിലർപ്പിതമായ കുടുംബ ചുമതലകളിൽ മുഴുകിയാണ് ജീവിക്കുന്നത്. അവർക്ക് താങ്ങാനാവാത്ത ഭാരങ്ങളൊന്നുമില്ല; അല്ലാഹു കൽപിച്ച അഥവാ പ്രകൃതിദത്തമായ ചുമതലകളെയുള്ളു. അവർ സന്തോഷ ജീവിതം നയിക്കുന്നവരുമാണ്. ഇസ്ലാം കൽപിക്കുന്ന ചുമതലകളിൽ നിന്ന് പുരുഷൻ ഒഴിഞ്ഞ് മാറുകയോ, ഇസ്ലാമിക നിയമങ്ങൾ പാലിക്കാതിരിക്കുകയോ ചെയ്യുമ്പോൾ സ്ത്രീ വിഷമങ്ങൾ നേരിടേണ്ടിവരുന്നു. അല്ലാതെ ഇസ്ലാമിക നിയമങ്ങൾ അപര്യാപ്തമായത് കൊണ്ടല്ല. അതുപോലെ ഇസ്ലാം കൽപിക്കുന്നതിൽ കവിഞ്ഞുള്ള സ്വാതന്ത്ര്യവും ഉത്തരവാദിത്തവും സ്ത്രീ ഏറ്റെടുക്കുമ്പോൾ അത് അവളുടെ പ്രകൃതിക്ക് നിരക്കാത്തതിനാൽ പല പ്രശ്നങ്ങൾക്കും വഴിയൊരുക്കുന്നു. ഇസ്ലാം വിഭാവനം ചെയ്യുന്ന അനായാസവും സമാധാനപരവും സംതൃപ്തവുമായ സ്ത്രീ ജീവിതം ഏറെ ഭാരമേറിയതും പ്രയാസമുള്ളതായിത്തീരുകയും ചെയ്യുന്നു.

നൈസർഗ്ഗികമായ സ്ത്രീ–പുരുഷ ലൈംഗികാകർഷണം സമൂഹത്തിൽ സ്ത്രീക്ക് ദ്രോഹമാതിരിക്കാനും അവളുടെ സുരക്ഷക്ക് വേണ്ടിയുമാണ് സ്രഷ്ടാവ് അതിനാവശ്യമായ നിയമങ്ങൾ പുരുഷനും സ്ത്രീക്കും കൽപിച്ചിരിക്കുന്നത്. ഈ നിയമങ്ങൾ ജീവിതത്തിൽ പാലിക്കുന്നുണ്ടോ എന്നത് ദൈവിക പരീക്ഷണത്തിന്റെ ഭാഗവുമാണ്. വസ്ത്രധാരണയിലും മറ്റും സ്ത്രീകൾക്കായുള്ള നിയമങ്ങളെ ഈ പശ്ചാത്തലത്തിൽ വേണം കാണേണ്ടത്. ആണിനോടും പെണ്ണിനോടും ഗോപ്യസ്ഥാനങ്ങൾ മറയ്ക്കാൻ ഇസ്ലാം കൽപിക്കുന്നു (ഖു. 7:26). പുരുഷന്മാർ സ്ത്രീകളിലേക്ക് നോക്കാതെ ദൃഷ്ടികൾ താഴ്ത്തുവാനും, ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കാനും (ഖു. 24:30), സ്ത്രീകളും അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കാനും, അവരുടെ ഭംഗി (ഖുർആനിൽ പറഞ്ഞതായ ചില അടുത്ത ബന്ധക്കാരൊഴിച്ച്) മറ്റുള്ളവരുടെ മുമ്പിൽ വെളിപ്പെടുത്താതിരിക്കാനും, അവരുടെ മക്കനകൾ കുപ്പായമാറുകൾക്ക് മീതെ താഴ്ത്താനും, തങ്ങൾ മറച്ചു വെക്കുന്ന അലങ്കാരത്തിലേക്ക് മറ്റുള്ളവരുടെ ശ്രദ്ധ തിരിക്കാൻ വേണ്ടി ശ്രമിക്കാതിരിക്കാനും അല്ലാഹു കൽപിക്കുന്നു (ഖു. 24:31). സ്ത്രീകൾ ശല്യം ചെയ്യപ്പെടാതിരിക്കാനാണ് അവരുടെ മക്കനകൾ താഴ്ത്തിയിടാൻ അല്ലാഹു നിർദ്ദേശിക്കുന്നത്: ''നബിയേ, നിന്റെ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെമേൽ താഴ്ത്തിയിടാൻ പറയുക: അവർ തിരിച്ചറിയപ്പെടുവാനും, അങ്ങനെ അവർ ശല്യം ചെയ്യപ്പെടാതിരിക്കുവാനും അതാണ് ഏറ്റവും അനുയോജ്യമായത്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.'' (ഖു. 33:59).

വീട്ടിൽനിന്ന് പുറത്ത് പോകുമ്പോൾ അല്ലാഹുവിന്റെ ഈ കൽപനകൾ സ്ത്രീ അനുസരിക്കുകയാണെങ്കിൽ അവളുടെ സൗന്ദര്യം അന്യർക്കു മുമ്പിൽ ഒരു പ്രദർശന വസ്തു ആകില്ലെന്നും, ഒളിഞ്ഞു നോട്ടക്കാരിൽ നിന്നുള്ള ശല്യം ഒഴിവാകുമെന്നും വ്യക്തമാണ്. സമൂഹത്തിൽ സ്ത്രീസുരക്ഷക്കാവശ്യമായ ഇസ്ലാമിക നിയമങ്ങളെ പക്ഷേ സ്ത്രീവിരുദ്ധ നിയമങ്ങളായി മുദ്ര കുത്താനാണ് ഫെമിനിസ്റ്റ് ലോബികളും മറ്റു തൽപരകക്ഷികളും

ശ്രമിക്കുന്നത്. പുരുഷൻ ആകർഷിക്കപ്പെടാതിരിക്കാൻ സ്ത്രീ അവളുടെ ശരീരസൗന്ദര്യം വെളിപ്പെടാത്ത വിധത്തിൽ വസ്ത്രം ധരിക്കേണ്ടിയിരിക്കന്നു. സൗന്ദര്യം വെളിപ്പെടാത്ത വിധത്തിൽ വസ്ത്രം എങ്ങനെ ധരിക്കണമെന്ന് മറ്റാരേക്കാളും നന്നായി അറിയുന്നത് സ്ത്രീക്ക് തന്നെയാണ്. അന്യപുരുഷനും സ്ത്രീയും പരസ്പരം നോക്കാതെ ദൃഷ്ടികൾ താഴ്ത്താൻ അല്ലാഹു കൽപിക്കുമ്പോൾ സ്ത്രീയും പുരുഷനും ഒന്നിച്ചുള്ള ഒരു സാഹചര്യവും, അത് ജോലിസ്ഥലമാകട്ടെ, മഹല്ല് കമ്മിറ്റിയാകട്ടെ, മറ്റേത് സ്ഥലമാകട്ടെ, മുസ്ലിം സമുദായത്തിൽ പാടില്ലെന്ന് സംശയലേശമന്യേ വ്യക്തമാകുന്നു.

ദൈവപ്രോക്ത പ്രകൃതിനിയമങ്ങൾ ലംഘിക്കപ്പെടുമ്പോൾ അതിന്റെതായ ഭവിഷ്യത്തുകളുണ്ടാകുന്നത് സ്വാഭാവികമാണ്. ആധുനിക സമൂഹത്തിൽ സ്ത്രീ അഭിമുഖീകരിക്കുന്ന ലൈംഗികാക്രമങ്ങൾക്കും മറ്റും കാരണം ദൈവിക നിയമങ്ങളുടെ ലംഘനമാണ്. സ്രഷ്ടാവ് പുരുഷന്നും സ്ത്രീക്കും കൽപിച്ചതായ നിയമങ്ങളുടെ പ്രാധാന്യത്തെയും ആവശ്യകതയെയുമാണ് സ്ത്രീപീഡനത്താൽ കലുഷിതമായ ഇന്നത്തെ സാമൂഹികാന്തരീക്ഷം വ്യക്തമാക്കുന്നത്. സ്ത്രീ വീട്ടിൽനിന്ന് പുറത്ത് പോകരുതെന്നോ, വിദ്യ അഭ്യസിക്കരുതെന്നോ ഇതിനർത്ഥമില്ല. ഖുർആനിക നിയമങ്ങൾ പ്രകാരം പക്ഷേ സമൂഹത്തിൽ സ്ത്രീകളും പുരുഷന്മാരും കൂടിക്കലർന്നുള്ള സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതുണ്ട്. പ്രത്യേക സൗകര്യങ്ങൾ സ്ത്രീകൾക്കായി ഉണ്ടാകേണ്ടിയിരിക്കുന്നു.

സ്ത്രീയുടെ മേൽ പുരുഷന് നൽകിയ അധികാരത്തെ ഒരു മുസ്ലിം സ്ത്രീ ചോദ്യം ചെയ്യില്ല. അവൾ അതിനെ കാണുക അല്ലാഹുവിന്റെ കൽപനയായും അവളുടെ ഗുണത്തിന് വേണ്ടിയുമായാണ്. സ്ത്രീ പ്രകൃത്യാ ആഗ്രഹിക്കുന്ന കുടുംബ വ്യവസ്ഥയും ഖുർആൻ കൽപിക്കുന്ന വ്യവസ്ഥ തന്നെയാണ്. ഇസ്ലാമിക നവോത്ഥാനം, മുസ്ലിം സ്ത്രീ മുന്നേറ്റം എന്നൊക്കെയുള്ള ആശയങ്ങൾ എന്താണ് അർത്ഥമാക്കുന്നത്? ഇസ്ലാംമതത്തിന്റെ ആധുനികവൽക്കരണമോ? 'ഇസ്ലാമിക നവോത്ഥാനം' എന്ന ആധുനിക ഭാഷാപ്രയോഗം തന്നെ ഇസ്ലാമികവിരുദ്ധമാണ്. നവമായ ഉണർവ്വ് എന്നാണല്ലോ അതിന്റെ അക്ഷരാർത്ഥം. അതായത് ഇതുവരെ ഇല്ലാതിരുന്ന ഒരു പുതിയ ഉണർവ്വിനെ ത്വരിപ്പിക്കുന്ന എന്തിന്റെയോ ആഗമനത്തെയാണ് ഈ പ്രയോഗം സൂചിപ്പിക്കുന്നതെന്ന് സാരം. മറ്റു സ്രോതസ്സുകളിൽനിന്ന് ഊർജ്ജം സ്വീകരിച്ചുകൊണ്ട് ഖുർആൻ വചനങ്ങളെ കാലാനുസൃതമെന്ന പേരിൽ വികൃതമായി വ്യാഖ്യാനിക്കുവാനും, ഭൗതിക-രാഷ്ട്രീയ ലക്ഷ്യങ്ങൾ ന്യായീകരിക്കുവാനുമുള്ള സാത്താനിക ഉപാധിയായിട്ടേ ഇത്തരം ആശയങ്ങളെയും ശ്രമങ്ങളെയും കാണാനാവൂ. ഇസ്ലാംമതം അല്ലാഹുവിന്റെ മതമാണ്. ആ മതത്തെ മാറ്റാൻ ആർക്കും അധികാരമില്ല, സാധ്യവുമല്ല. പുരുഷന്നും സ്ത്രീക്കുമുള്ള കൽപനകളും നിയമങ്ങളുമൊക്കെ അല്ലാഹു ഖുർആനിൽ വ്യക്തമാക്കിയിട്ടുണ്ട്. ആരെങ്കിലും ഖുർആനിക നിയമങ്ങൾക്കെതിരെ ശബ്ദമുയർത്തുകയാണെങ്കിൽ അവർ അല്ലാഹുവിനെതിരെയാണ് ശബ്ദമുയർത്തുന്നതെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു.

പുരുഷന്നും സ്ത്രീക്കും ഒന്നുകിൽ അല്ലാഹുവിന്റെ കൽപനകളനുസരിച്ച് ജീവിക്കാം അല്ലെങ്കിൽ സ്വന്തം ഹിതമനുസരിച്ച് ജീവിക്കാം. അല്ലാഹു അവന്റെ കൽപനകളനുസരിച്ച് ജീവിക്കാൻ ആരെയും നിർബന്ധിക്കുന്നില്ല (ഖു. 2:256). സ്വന്തം ഹിതമനുസരിച്ചുള്ള ജീവിതം ഇസ്ലാമിക ജീവിതമാകില്ല. അതിനെ ഇസ്ലാമികമെന്ന് മുദ്രകുത്തുന്നത് സ്വയം വിഡ്ഢി ചമയുന്നതിന് തുല്യമാണ്. കാലം മാറുമ്പോഴും ലോകം മാറുമ്പോഴും മുഹമ്മദ് നബി പ്രബോധനം ചെയ്ത ഇസ്ലാംമതം മാറ്റമില്ലാതെ ഖുർആനിൽ ലോകാവസാനംവരെ നിലനിൽക്കും. ഖുർആൻ അല്ലാഹുവിന്റെ സംരക്ഷണത്തിലാണ് (ഖു. 15:9). അതാണ് അല്ലാഹുവിന്റെ മതം. ''ഇത് (ഖുർആൻ) ലോകർക്ക് വേണ്ടിയുള്ള ഒരു ഉൽബോധനമല്ലാതെ മറ്റൊന്നുമല്ല. അതായത് നിങ്ങളുടെ കൂട്ടത്തിൽ നിന്ന് നേരെ നിലകൊള്ളാൻ ഉദ്ദേശിച്ചവർക്ക് വേണ്ടി.'' (ഖു. 81:27–28).